**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല**

**പ്രവചന കാലയളവ് 21.12.2024 മുതൽ 25.12.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 51/2024 (102) വെള്ളിയാഴ്ച | തീയ്യതി 20/12/2024 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 21.12.2024 | 22.12.2024 | 23.12.2024 | 24.12.2024 | 25.12.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.1 | 0.1 | 0.1 | 0.1 | 0.1 |
| ഉയർന്ന താപനില (°C) | 34 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 23 | 22 | 22 | 22 | 22 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 86 | 86 | 86 | 86 | 86 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 55 | 55 | 55 | 55 | 55 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 230 | 230 | 230 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 6 | 6 | 6 | 5 | 6 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത..

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മഴ കുറഞ്ഞു വരുന്നതിനാൽ മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) കതിരു വന്ന പരുവം | പോളരോഗം | നെല്ലിൽ കാണപ്പെടുന്ന പോളരോഗം നിയന്ത്രിക്കുന്നതിനായി നാല് ഗ്രാം ട്രൈഫ്ലോക്സിസ്ട്രോബിൻ + ടെബുകൊണാസോൾ മിശ്രിതം പത്തു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| | ലക്ഷ്മി രോഗം | നെല്ലിൽ ലക്ഷ്മി രോഗം കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാനായി 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| വാഴ | പനാമ വാട്ടം | പൂവൻ, കദളി എന്നീ വാഴ ഇനങ്ങളിൽ പനാമ വാട്ടം എന്ന രോഗം രൂക്ഷമായി കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി രോഗം ബാധിച്ച വാഴകളിൽ 2 ഗ്രാം കാർബെൻഡാസിം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ വാഴക്കു ചുവട്ടിലും ഒഴിച്ച് കൊടുക്കുക. |
| കുരുമുളക് | പൊള്ളു രോഗം | അന്തരീക്ഷ ആർദ്രത കൂടുമ്പോൾ കുരുമുളക് ചെടികളിൽ പൊള്ളുരോഗം കാണാൻ സാധ്യതയുണ്ട്. തോട്ടത്തിലെ തണൽ ക്രമീകരിക്കുകയും, 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുകയും ചെയ്യുക. |

മൃഗസംരക്ഷണം-: ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. കുളമ്പ് രോഗത്തിന്റെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. ചെള്ള്, ഈച്ച, കൊതുക്, പേൻ തുടങ്ങിയ ബാഹ്യപരാദങ്ങൾക്കു എതിരെ ജാഗ്രത പുലർത്തുക. (CAADECCS KVASU, Mannuthy)